പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 218 — 23.01.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി സി.എം.ഡി.യുടെ ഉത്തരവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന നാൾ മുതൽ ലഭിച്ചു കൊണ്ടിരുന്ന ഡ്യൂട്ടി അളവുകളിൽ രണ്ട് എന്നത് ഒന്ന്, ഒന്നര, ഒന്നേകാൽ തുടങ്ങിയ അളവിൽ കുറവ് വരുത്തിയത് കൊണ്ട് ഉണ്ടായ കടുത്ത സാമ്പത്തിക സമ്മർദ്ദത്തിൽ ജോലി ചെയ്യേണ്ടി വരുന്ന കെ.എസ്.ആർ.ടി.സി. യിലെ വിഭാഗങ്ങൾ ഏതൊക്കെ; | (എ) | കെ.എസ്.ആർ.ടി.സി യിലെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി അളവുകളിൽ കുറവ് വരുത്തിയിട്ടില്ല. എന്നാൽ ഓടുന്ന ദൂരത്തിന് അനുസരിച്ച് ഡ്യൂട്ടി നൽകുന്ന സമ്പ്രദായം നിർത്തലാക്കുകയും പകരം ഓടിക്കുന്ന സമയത്തിനെ അടിസ്ഥാനമാക്കി ഡ്യൂട്ടി നൽകുന്ന സംവിധാനത്തിനു രൂപം നൽകുകയും ചെയ്തിട്ടുണ്ട്. ഈ സംവിധാനം നടപ്പിലാക്കിയതിനെ തുടർന്ന് ജീവനക്കാർ സാമ്പത്തിക സമ്മർദ്ദത്തിൽ ജോലി ചെയ്യുന്നുവെന്ന തരത്തിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇതിൽ ഓപ്പറേറ്റിംഗ് വിംഗ് സ്റ്റാഫിനല്ലാതെ മിനിസ്റ്റീരിയൽ സ്റ്റാഫിന് നിലവിൽ ലഭിച്ചു കൊണ്ടിരുന്നതിൽ എന്തെങ്കിലും സാമ്പത്തിക കുറവ് വരുത്തിയിട്ടുണ്ടോ; | (ബി) | സാമ്പത്തിക കുറവ് വരുത്തിയിട്ടില്ല. എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി സമയം 8 മണിക്കൂറാക്കി നിജപ്പെടുത്തിയതിൻ പ്രകാരം മിനിസ്റ്റീരിയൽ വിഭാഗത്തിന്റെയും ഡ്യൂട്ടി സമയം 8 മണിക്കൂറാക്കി ക്രമീകരിച്ചിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ നാളിതുവരെ നല്കി വന്നിരുന്ന ഏറെക്കുറെ എല്ലാ ആനുകൂല്യങ്ങളും കെ.എസ്.ആർ. ടി.സി.യിലെ ലൈൻ ഡ്യൂട്ടി വിഭാഗക്കാർക്ക് മാത്രം വെട്ടിക്കുറവ് വരുത്തുകയും അവരിൽ ശാരീരിക ബുദ്ധിമുട്ടുള്ളവർക്ക് പോലും ആവശ്യമായ ലീവ് അനുവദിക്കാതെ പീഡിപ്പിക്കുന്നതിന് ആധാരമാകുന്ന സി.എം.ഡി.യുടെ ഉത്തരവ് നിലവിലുണ്ടോ; | (സി) യും (ഡി) യും | നിലവിലില്ല. |
| (ഡി) | ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ? | | |

സെക്ഷൻ ഓഫീസർ